കേരള കാർഷിക സർവകലാശാല
കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശ്ശൂർ – 680651
ഇമെയിൽ: arsmannuthy@kau.in;
ഫോൺ: 04872 370726, 9446 370726

നമ്പർ: ബി/3728/2024(ii) തിയതി: 11/12/2024

## നാളികേരം, കരിക്ക് എന്നിവയുടെ വിളവെടുപ്പിനുള്ള ദർഘാസ്/ലേല നോട്ടീസ്

ഈ കേന്ദ്രത്തിന്റെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ] ഫാമിലെ നല്ല കായ്ഫലം തരുന്ന 1290 തെങ്ങുകളിൽ നിന്നുള്ള നാളികേരം, കരിക്ക് എന്നിവ അടുത്ത ഒരു വർഷക്കാലത്തേക്ക് വിളവെടുക്കുന്നതിനു താല്പര്യമുള്ള വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ [ദർഘാസ്] ക്ഷണിക്കുന്നു.

### വ്യവസ്ഥകളും നിർദേശങ്ങളും

ഈ കേന്ദ്രത്തിന്റെ ഫാമിലെ എല്ലാ ബ്ലോക്കുകളിലുമായി നിലകൊള്ളുന്നവയിൽ പരാഗണം നടത്തുന്നതിനായി മാറ്റി വച്ചിരിക്കുന്നവ ഒഴികെയുള്ള 1290 തെങ്ങുകളിൽ നിന്നുള്ള നാളികേരം, കരിക്ക് എന്നീ ഫലങ്ങൾ 01/01/2025 മുതൽ 31/12/2025 വരെയുള്ള കാലയളവിൽ വിളവെടുക്കുന്നതിനുള്ള അവകാശം ഈ ദർഘാസ്/ലേലത്തിലൂടെ അനുവദിച്ചു നൽകുന്നു.

1 ടെൻഡർ ഫോം, തിരിച്ചു നൽകാത്ത ഫീസായ 500 രൂപായും അതിന്റെ 18% ജി എസ് റ്റിയും സഹിതം [ആകെ 590 രൂപാ മാത്രം] അടച്ചു ഈ ഓഫിസിൽ നിന്നു നേരിട്ടു വാങ്ങാവുന്നതാണ്. Professor & Head, Agricultural Research Station, Mannuthy, എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായും തുക അടക്കാവുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റായി അടക്കുന്ന പക്ഷം ടെൻഡർ ഫീസിനും ജി എസ് റ്റി ക്കും പ്രത്യേകം ഡ്രാഫ്റ്റ് എടുക്കേണ്ടതും അവ ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ടെൻഡർ ഫോം ഡൗൺലോഡ് ചെയ്യാവുന്നതും [വെബ്സൈറ്റ് വിലാസം: http://www.kau.in/Tenders/ Related Documents] ആവശ്യമായ ഫീസ് സഹിതം ഈ ഓഫിസിൽ സമർപ്പിക്കാവുന്നതുമാണ്

2 10000 രൂപാ [പതിനായിരം രൂപാ മാത്രം] നിരതദ്രവ്യമായി അടക്കേണ്ടതാണ്. ആയത് പണമായി കെട്ടി വെക്കേണ്ടതാണ്. ടെൻഡർ ലഭിക്കാത്തവരുടെ നിരത ദ്രവ്യം, ടെൻഡർ നടപടികൾക്കു ശേഷം പണമായോ അക്കൗണ്ട് ട്രാൻസ്ഫറായോ തിരികെ നൽകുന്നതാണ്. ടെൻഡർ ലഭിക്കുന്നയാളുടെ നിരത ദ്രവ്യം, ടെൻഡർ കാലാവധിക്കു ശേഷം മാത്രം പലിശ രഹിതമായി തിരികെ നൽകുന്നതാണ്

3 സർവകലാശാലയുടെ വെബ്സൈറ്റിൽ ലഭ്യമായ മാതൃകയിലുള്ള കരാർ 200 രൂപാ മൂല്യമുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ ചമക്കേണ്ടതും ആയത് ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതുമാണ്

4 "നാളികേരം/കരിക്ക് വിളവെടുപ്പിനുള്ള ടെൻഡർ" എന്നു പുറത്തെഴുതിയതും The Professor & Head, Agricultural Research Station, Mannuthy, Thrissur – 680651, Kerala, എന്ന വിലാസത്തിലുള്ളതുമായ കവറിലാക്കിയ ടെൻഡർ രേഖകൾ, 19/12/2024 വ്യാഴാഴ്ച രാവിലെ

പതിനൊന്നു മണിക്കോ അതിനു മുൻപോ ഈ ഓഫിസിൽ ലഭിക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ രാവിലെ 10:30നു രജിസ്റ്റർ ചെയ്യേണ്ടതാണ്. അന്നേരം സന്നിഹിതരായിട്ടുള്ള അപേക്ഷകരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം രാവിലെ 11:30നു ലേലം നടത്തുന്നതും, അതിനു ശേഷം ടെൻഡറുകൾ തുറന്നു പരിശോധിക്കുന്നതുമാണ്. ഏറ്റവും ഉയർന്ന തുകക്കുള്ള ടെൻഡർ/ലേലം, മറ്റു നിബന്ധനകൾക്കു വിധേയമായി താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതുമാണ്

5 ടെൻഡർ/ലേലത്തിൽ പങ്കെടുക്കാൻ ആഗഹിക്കുന്നവർക്ക് ലേലത്തിനു മുൻപായി രാവിലെ 09:30 മുതൽ വൈകുന്നേരം 04:00 വരെയുള്ള സമയത്ത് ഫാം സൂപ്രണ്ടിന്റെ അനുമതിയോടെ ഫാം സന്ദർശിക്കാവുന്നതാണ്

6 നിശ്ചിത സമയത്തു ലഭിക്കാത്തതോ, ഏതെങ്കിലും തരത്തിൽ അപൂർണമോ ആയ ടെൻഡറുകൾ തൽക്ഷണം നിരസിക്കുന്നതാണ്. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ടെൻഡറുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരവും ഈ കേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും

7 ടെൻഡർ/ലേലത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലുമൊരു അംഗീകൃത തിരിച്ചറിയൽ കാർഡും പാൻ കാർഡും ഹാജരാക്കേണ്ടതാണ്

8 ടെൻഡർ/ലേലം ഉറപ്പിച്ചു കിട്ടുന്നവർ മൊത്തം തുകയുടെ മൂന്നിലൊന്ന് അന്നേ ദിവസം ഉച്ചക്ക് രണ്ടു മണിക്കു മുൻപായി ഈ ഓഫിസിൽ അടവാക്കേണ്ടതാണ്. ബാക്കി തുക ലേല തിയതി മുതൽ നാലു മാസത്തിനകം രണ്ടു തുല്യ തവണകളായി [02/02/2024, 17/04/2024] തിയതികളിലോ അതിനു മുൻപോ ആയി] അടവാക്കേണ്ടതുമാണ്.

9 വിളവെടുപ്പ് നടത്തുന്ന ദിവസം മുൻകൂട്ടിത്തന്നെ ഈ കേന്ദ്രത്തിൽ അറിയിക്കേണ്ടതും, ഫാം സൂപ്രണ്ടിന്റെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ മാത്രം വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ തെങ്ങിനും ലഭിക്കുന്ന ഫലത്തിന്റെ എണ്ണം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയ ശേഷം മാത്രമേ വിളവെടുത്ത നാളികേരവും കരിക്കും പുറത്തു കൊണ്ടു പോകാൻ പാടുള്ളൂ

10 വിളവെടുപ്പ് കാലാവധി തീരുന്നതിനു 90 [തൊണ്ണൂറു] ദിവസം മുൻപു വരെ മാത്രമേ കരിക്കു വിളവെടുക്കാൻ പാടുള്ളൂ. ഏഴു മാസത്തിലും മൂപ്പു കുറഞ്ഞ കരിക്കു വിളവെടുക്കാൻ പാടുള്ളതല്ല.

11 ടെൻഡർ/ലേലം ലഭിക്കുന്നവർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വിളവെടുപ്പ് നടത്തേണ്ടതാണ്. ഫാം പ്രവൃത്തി സമയത്തു [രാവിലെ 08:30 മുതൽ വൈകുന്നേരം 04:30 വരെ] മാത്രമേ വിളവെടുപ്പ് അനുവദിക്കുകയുള്ളൂ. ഓരോ ദിവസവും വിളവെടുക്കുന്ന നാളികേരം, കരിക്ക് എന്നിവ ഈ ഓഫിസിൽ നിന്നുള്ള ഗേറ്റ് പാസു വാങ്ങി അന്നന്നു തന്നെ ഫാമിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അവ ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല. ഫാം അവധി ദിവസങ്ങളിൽ വിളവെടുപ്പ് നടത്താൻ പാടുള്ളതല്ല

12 ഈ കേന്ദ്രത്തിന് നാളികേരം, കരിക്ക്, വിത്തു തേങ്ങ എന്നിവ ആവശ്യമായി വരുന്ന പക്ഷം അപ്പോഴത്തെ വിപണി വിലക്ക് അവ ലഭ്യമാക്കേണ്ടതാണ്

13 തെങ്ങിൽ നിന്നും നാളികേരം, കരിക്ക് എന്നിവ വിളവെടുക്കാൻ മാത്രമേ പാടുള്ളൂ. ഓല, പട്ട, കൊതുമ്പ് എന്നിവയും മറ്റിനങ്ങളും ശേഖരിക്കാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല

14 രോഗ – കീട ബാധ കാരണമായോ, ഈ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടിമാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശം ഈ കേന്ദ്രത്തിന് ഉണ്ടായിരിക്കുന്നതാണ്. യഥാസമയങ്ങളിൽ വിള പരിപാലനം നടത്തുന്നതിനുള്ള അവകാശം ഈ കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. ആയത് ടെൻഡർ/ലേല വ്യവസ്ഥകളെ ബാധിക്കുന്നതല്ല

15 ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും നിർദേശങ്ങളും അന്തിമമായിരിക്കും. ടെൻഡർ/ലേലം സംബന്ധിച്ച അന്തിമ തീരുമാനം ഈ കേന്ദ്രം മേധാവിയുടേതായിരിക്കും. ടെൻഡർ/ലേലം മാറ്റി വെക്കാനോ റദ്ദാക്കാനോ ഉള്ള അവകാശാവും ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്

16 ടെൻഡർ/ലേലം ലഭിക്കുന്ന വ്യക്തി/സ്ഥാപനമോ അവരുടെ തൊഴിലാളികളോ കാരണമായി ഈ കേന്ദ്രത്തിന്റെ സ്ഥാവര-ജംഗമ വസ്തുക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിക്കുന്ന പക്ഷം, ഫാം ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക സർക്കാർ നിയമപ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്

17 ടെൻഡറുകളുമായി ബന്ധപ്പെട്ട കേരള സർക്കാരിന്റെയും, കേരള കാർഷിക സർവകലാശാലയുടെയും എല്ലാ നിയമങ്ങളും നിബന്ധനകളും നിർദേശങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്

18 മേൽപ്പറഞ്ഞ ഏതെങ്കിലും വ്യവസ്ഥകൾക്ക വിരുദ്ധമായി പ്രവർത്തിക്കുകയോ, അവ പാലിക്കുന്നതിൽ വീഴ്ച വരികയോ ചെയ്യുന്ന പക്ഷം മറ്റു മുന്നറിയിപ്പൊന്നും കൂടാതെ തന്നെ ടെൻഡർ/ലേലം റദ്ദാക്കുന്നതും, അതുവരെ അടച്ച തുക സർവകലാശാലാ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതും, സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം സർക്കാർ നിയമങ്ങൾ പ്രകാരം ആദ്യ ടെൻഡർ/ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്

19 ഏതെങ്കിലും കാരണവശാൽ നിശ്ചയിക്കപ്പെട്ട ദിവസം ടെൻഡർ/ലേല നടപടികൾ നടത്താനാകാതെ വരുന്ന പക്ഷം, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് ആയത് നടത്തുന്നതാണ്

20 ഈ ടെൻഡറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആവശ്യമാണെങ്കിൽ ഓഫീസ് സമയത്തു നേരിട്ടോ, 04872 370726, 9446 370726, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

പ്രൊഫസർ & ഹെഡ്

Professor & Head
Agricultural Research Station
Mannuthy - 680 651

സ്വീകർത്താവ്: നോട്ടീസ് ബോർഡ് – കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി;
നോട്ടീസ് ബോർഡ് – വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്, മണ്ണുത്തി;
നോട്ടീസ് ബോർഡ് – കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം, മണ്ണുത്തി

പകർപ്പ് : ഫാം സൂപ്രണ്ട്